# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.880** **28.04.2017-ൽ മറുപടിയ്ക്ക്**

## പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര,**<br>**,, പി.ടി. തോമസ്**<br>**,, റോജി എം. ജോൺ**<br>**,, ഐ.സി.ബാലകൃഷ്ണൻ:** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിന്റെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവർത്തികളുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽ നോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും, രണ്ടാം ഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും, പരിശോധന റിപ്പോർട്ട് ചീഫ് എഞ്ചിനീയർമാർക്കും, അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കേണ്ടതുമാണ്. ഇതു കൂടാതെ 5 കോടിക്ക് |

മുകളിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ധന്മാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്ന - താണ്. തൃപ്തികരമല്ലാത്ത പരിശോധന ഫലങ്ങൾ തുടർ നടപടികൾക്കായി പൊതുമരാമത്ത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) തിരുവനന്തപുരത്തിന് അയച്ചു കൊടുക്കുന്നു.

**(ബി)** നിർമ്മാണത്തിലെ അപാകതകൾ മൂലം നിശ്ചിത കാലയളവിനുള്ളിൽ റോഡുകൾക്ക് നാശനഷ്ടമുണ്ടായാൽ കരാറുകാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ;

**(ബി)** സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിനും, പരിപാലനത്തിനുമായി ജി.ഒ.(എം.എസ്)73/2013/പൊ.മ.വ. തീയതി 31.08.2013 പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവർത്തികളിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചെലവിൽ തന്നെ പരിഹരിക്കുന്നതാണ്. നിർമ്മാണത്തിലെ അപാകതകൾമൂലം നിശ്ചിത കാലയളവിൽ നാശനഷ്ടമുണ്ടായാൽ പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരവും നിലവിൽ അതാത് കരാറിലെ വ്യവസ്ഥകൾ അനുസരിച്ചും കരാറുകാർക്കെതിരേയും, പൊതുമരാമത്ത് മാനുവൽ അനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരേയും നടപടികൾ സ്വീകരിച്ചു വരുന്നു. ചേർത്തല – ഓച്ചിറ ദേശീയപാതയിലെ നിർമ്മാണത്തിലെ അപാകതയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥ - ർക്കും, കരാറുകാരനുമെതിരെ 2016-ൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**(സി)** പി.ഡബ്ല്യു.ഡി. നടത്തുന്ന റോഡ് വികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് . വിശദീകരിക്കുമോ?

**(സി)** പൊതുമരാമത്ത് വകുപ്പിൽ പ്രവർത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് വകുപ്പ് മാനുവൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നത്. ഇത് മുഖേന പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 5 ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവർത്തികൾ ഇ-ടെണ്ടറിംഗ് സംവിധാനം മുഖേന നടപ്പിലാക്കിയതുവഴി ടെണ്ടർ നടപടികൾ സുതാര്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ പൊതുമരാമത്ത് പ്രവർത്തികൾ കൂടുതൽ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**